ശ്രീ എം. നാരായണക്കുറുപ്പ്: സഹകരണ സംഘങ്ങളിൽ മരുന്നു വിതരണം ചെയ്യുന്നതും അന്വേഷണം ചെയ്ത ആളും ഒരാളായതുകൊണ്ട് മരുന്നിന്റെ വിതരണത്തിൽ ചില പിശകുകൾ ഉണ്ടെന്നും അതു പരിശോധിക്കണമെന്നും മുമ്പൊരവസരത്തിൽ മന്ത്രിയോട് അപേക്ഷിച്ചിരുന്നതാണ്. അതു പരിശോധിക്കാമെന്ന മറുപടിയും നൽകി. ഇപ്പോൾ അതിന്റെ നില എന്താണ്. വേറെവേറെ ആളുകളെ ഇതിലേക്ക് നിയമിച്ചിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: ഈ മാതിരി കാര്യങ്ങൾ അന്വേഷിക്കുന്നതു് വൈദ്യന്മാർ തിരഞ്ഞെടുത്തു അയക്കുന്ന ഒരു ബോർഡാണ്. ഇങ്ങനെയൊരു പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പുതിയ ബോർഡ് നിലവിൽ വന്നതോടുകൂടി ആ ബുദ്ധിമുട്ട് ഇല്ല എന്നാണ് മനസ്സിലാക്കുന്നതു്.

ശ്രീ. എൻ. ഭാസ്കരൻ നായർ: ആയുർവ്വേദ ആശുപത്രികളിൽ കഷായം തുടങ്ങിയവ നിർമ്മിക്കുന്നതിനു പ്രത്യേക അനുവാദം നൽകിയിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: കഷായചൂർണ്ണം ആണ് നൽകുന്നതു്. അതു ചിലപ്പോൾ ആശുപത്രികളിൽ വച്ചു കഷായം വയ്ക്കേണ്ടതായി വന്നേക്കാം.

വിജിലൻസ് കമ്മീഷൻ നിയമനം.

* 746. [23] ശ്രീ. കെ. ടി. തോമസ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രവിജിലൻസ് കമ്മീഷന്റെ മാതൃകയിൽ ഈ സംസ്ഥാനത്തു് ഒരു വിജിലൻസ് കമ്മീഷനെ നിയമിക്കുന്നതിനു ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോഴേക്ക് നിയമനം നടത്തും?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) ഈ കാര്യം ആലോചിക്കുന്നുണ്ട്,

(ബി) നിശ്ചയിച്ചിട്ടില്ല.

മണ്ണൊലിപ്പുമൂലം അണക്കെട്ടുകളിൽ ഉണ്ടായ ചെറുത്തുരുത്തുകൾ.

* 747. [24] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണൊലിപ്പിന്റെ ഫലമായി ഏതെല്ലാം അണക്കെട്ടുകളിൽ മണ്ണുവീണ ചെറുത്തുരുത്തുകൾ രൂപം കൊണ്ടിട്ടുണ്ട്;

(ബി) പീച്ചിയിൽ അങ്ങനെവല്ല തുരുത്തും രൂപം കൊണ്ടതായും അവിടെ നാട്ടുകാർ കൃഷി നടത്തുന്നതായും ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മലമ്പുഴയിലും മണ്ണൊലിപ്പുനിമിത്തം ഇത്തരം വിഷമതകൾ ഉണ്ടാകാതെ മണ്ണൊലിപ്പു തടയാൻ ഗവണ്മെന്റ് വല്ല പരിപാടിയും എടുത്തു വരുന്നുണ്ടോ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്):

(എ) മണ്ണൊലിപ്പിന്റെ ഫലമായി അണക്കെട്ടുകളിൽ മണ്ണുവീണ് ചെറുത്തുരുത്തുകൾ ഗണ്യമായ തോതിൽ ഉണ്ടായിട്ടുള്ളതായി അറിവില്ല.

(ബി) പീച്ചിയിൽ അങ്ങനെയൊന്നും സംഭവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) മണ്ണൊലിപ്പു ഉണ്ടാകാതിരിക്കുവാൻ വേണ്ടി ഒരു പദ്ധതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഇരിക്കുകയാണു്. മലംപുഴ പദ്ധതിയുടെ പത്തുചെയിൻ വിസ്തൃതിയിലുള്ള സ്ഥലം കൈവശപ്പെടുത്തി അവിടെ ഒരു പ്രത്യേകതരം സസ്യം വച്ചുപിടിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടു്.

ശ്രീ. ഈ. പി. ഗോപാലൻ: ഗണ്യമായ തോതിൽ ഇല്ല എന്നു പറഞ്ഞിരിക്കുന്നതുകൊണ്ടു് എന്താണു് ഉദ്ദേശിച്ചിരിക്കുന്നതു്, മണ്ണുവീണു ഉയർന്നു ഒരു ദ്വീപു ആയിട്ടില്ല എന്നാണോ? നദിയുടെ അരുപ്രദേശങ്ങളും അഗണ്യമായ തോതിലെങ്കിലും പോകുന്നുണ്ടെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. ഈ. പി. പൗലോസു്: അതാണു് 'സി' യുടെ ഉത്തരത്തിൽ പറഞ്ഞതു്. അതായതു് അണക്കെട്ടിന്റെ പത്തുചെയിൻ വിസ്തൃതിയിലുള്ള സ്ഥലം കൈവശപ്പെടുത്തി പ്രത്യേക തരം സസ്യം നട്ടുപിടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു എന്നു പറഞ്ഞതു്.

ശ്രീ. പി. നാരായണൻനമ്പി: ഇതുമാതിരി മണ്ണുവീണു നികന്നിട്ടുള്ള സ്ഥലങ്ങളിൽ പോർട്ടബിൾ ഡ്രെഡ്ജറോ മറ്റോ കൊണ്ടുവന്നു മണ്ണുമാറ്റുന്നതിനു നടപടി സ്വീകരിക്കുമോ?

ശ്രീ. ഈ. പി. പൗലോസു്: അങ്ങനെ അപകടകരമായിട്ടു നികന്നിട്ടുണ്ടെങ്കിൽ ഏതു രീതിയിലായാലും അതു പരിഹരിക്കുന്നതിനുനോക്കാം.

WRITTEN ANSWERS

അരിവില.

* 748. [15] ശ്രീ. പി. കെ. അബ്ദുൽ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരസ്യകമ്പോളത്തിൽ അരിവില കുറയ്ക്കുന്നതിനായി സക്കാരിൽനിന്നും ഇതിനകം ഏതൊക്കെയാം നടപടികളും സ്വീകരിച്ചിട്ടുണ്ടു് ;

(ബി) ഇക്കൊല്ലത്തെ നെൽവിളവു് മെച്ചപ്പെട്ടതാണോ അല്ലയോ എന്ന വിവരം സക്കാർ ലവലിൽ അന്വേഷണം നടത്തി വിവരം ശേഖരിച്ചിട്ടുണ്ടോ ;

(സി) കേന്ദ്രത്തിൽനിന്നും കേരളത്തിനു് കൂടുതൽ അരി അനുവദിച്ചിട്ടുണ്ടോ ;

(ഡി) 1963 ഡിസംബർ, 1964 ജനുവരി എന്നീ മാസങ്ങളിൽ എത്രടൺ അരി കേന്ദ്രത്തിൽനിന്നും കിട്ടി?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) അരിവില കുറയ്ക്കുന്നതിനായി താഴെ പറയുന്ന നടപടികളും ഗവണ്മെൻറു് സ്വീകരിച്ചിട്ടുണ്ടു്.

1. സംസ്ഥാനത്തെ ന്യായവിലഷാപ്പുകൾവഴി ഒരു നിശ്ചിത വിലയ്ക്കും നിശ്ചിതഅളവിലും അരിവിതരണം നടത്തുന്നുണ്ടു്. കൂടാതെ ഉപഭോക്താക്കളുടെ ആവശ്യാനുസരണം ഗോതമ്പും ഗവണ്മെൻറിനു ലാഭനഷ്ടങ്ങൾകൂടാതെ ന്യായവിലഷാപ്പുകളിൽകൂടി വിതരണം ചെയ്യുന്നുണ്ടു്.

2. അരിദൗർല്ലഭ്യം അനുഭവപ്പെടുന്ന അവസരങ്ങളിൽ ന്യായവിലഷാപ്പുകളിൽകൂടെയുള്ള അരിവിതരണത്തിന്റെ തോതു് ഇരട്ടിപ്പിക്കാറുണ്ടു്. കൂടാതെ ഓണം, ഹംസാൻ തുടങ്ങിയ വിശേഷദിവസങ്ങളിലും കൂടുതലായി വിതരണം ചെയ്യുന്നതിനു് പ്രത്യേകമായി അരി അനുവദിക്കാറുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly